## കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ:കെ.സോമൻ)

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - കൊല്ലം ജില്ല - ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീമതി.എസ്.ബീനാകുമാരിയുടെ അനധികൃത ഹാജരില്ലായ്മ - അച്ചടക്കനടപടി - സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പിന്റെ 03.03.2009 തീയതിയിലെ ജിഒ(ആർറ്റി) നമ്പർ 542/09 തസ്വഭവ നമ്പർ ഉത്തരവ്.
2. ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.10.2013 തീയതിയിലെ എസ്5-5653 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറകർ, കൊല്ലം-ന്റെ 07.12.2013-ൽ ഡി1-9161/13 നമ്പരായി പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസ്.
4. ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.08.2015 തീയതിയിലെ എസ്3-4504/13 നമ്പർ കത്ത്.
5. ഈ ആഫീസിൽ നിന്നും 21.08.2015-ൽ ഡി1-9161/13 നമ്പരായി പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോ.
6. ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.11.2015 തീയതിയിലെ എസ്3-4939/15 നമ്പർ കത്ത്.
7. ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.10.2016 തീയതിയിലെ എസ്3-4939/15 നമ്പർ കത്ത്.
8. ഈ ആഫീസിലെ 03.10.2016 തീയതിയിലെ ഇതേ നമ്പരായുള്ള ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്കും ഐ&പിആർഡി ഡയറക്ടർക്കുമുള്ള കത്തുകൾ.
9. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ 27634/എഫ്2/16 പിആർഡി നമ്പർ റിലീസ് ഓർഡർ.
10. ഈ ആഫീസിലെ 30.11.2016 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
11. പെർഫോർമൻസ് ആഡിറ്റ് യൂണിറ്റ് സൂപ്പർവൈസറുടെ 06.01.2017 തീയതിയിലെ പിഎയു1-81/2016 നമ്പരായുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട്.
12. ഈ ആഫീസിലെ 30.01.2017 തീയതിയിലെ ഡി1-9161/13 നമ്പരായി പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസ്.
13. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ 21.02.2017 തീയതിയിലെ 3700/എഫ്2/17/പിആർഡി നമ്പർ റിലീസ് ഉത്തരവ്.

### ഉത്തരവ് നമ്പർ ഡി1-9161/13 തീയതി: 28.04.2017

കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചാത്തിൽ ക്ലാർക്കായി സേവനമനുഷ്ടിച്ചിരുന്ന ശ്രീമതി.എസ്.ബീനാകുമാരിയ്ക്ക് കെഎസ്ആർ പാർട്ട് 1 അനുബന്ധം XII C പ്രകാരം 10.08.2008 മുതൽ 5 വർഷത്തേക്ക് പരാമർശം (1) പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പരാമർശം (2) പ്രകാരം ടിയാളുടെ അവധി അവസാനിക്കുന്ന 10.08.2013 മുതൽ ജോലിയ്ക്ക് ഹാജരാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ശൂരനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പരാമർശം (3) പ്രകാരം ടിയാൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും ടിയാൾക്ക് ടി കാരണം കാണിക്കൽ നോട്ടീസ് നൽകി കൈപ്പറ്റ് പ്രതി തിരികെ ഹാജരാക്കുന്നതിന് ശൂരനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകുകയുണ്ടായി. എന്നാൽ ശ്രീമതി. ബീനാകുമാരിയ്ക്ക് അയച്ച കാരണം കാണിക്കൽ നോട്ടീസ് ടിയാൾ വിദേശത്താണ് എന്ന കാരണത്താൽ മടങ്ങിവന്നിട്ടുള്ളതായി പരാമർശം (4)

പ്രകാരം ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനെ തുടർന്ന് പരാമർശം (5) പ്രകാരം ടിയാൾക്കെതിരെ കുറ്റാരോപണ മെമ്മോ പുറപ്പെടുവിക്കുകയും ആയത് ശ്രീമതി.ബീനാകുമാരിയ്ക്ക് അയച്ചുനൽകുന്നതിന് ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകുകയും ടി കുറ്റാരോപണ മെമ്മോയും "Address left India"എന്ന് രേഖപ്പെടുത്തി തിരിച്ചുവന്നതായി പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയും തിരികെ വന്ന കുറ്റാരോപണ മെമ്മോ കവർ സഹിതം പരാമർശം (7) പ്രകാരം ആഫീസിൽ തിരിച്ചേൽപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനെ തുടർന്ന് ടിയാൾക്ക് എതിരെയുള്ള കുറ്റാരോപണ മെമ്മോയും അനുബന്ധം എച്ച്4-ഉം http://lsgkeralalgov.in/htm/gen_transfer2016_DDP.php എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും വിൻഡോ പരസ്യം ദേശാഭിമാനി മലയാള മനോരമ എന്നീ ദിനപത്രങ്ങളിൽ 11.11.2016-ന് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ മേൽ കുറ്റാരോപണ മെമ്മോയ്ക്കും ശ്രീമതി.എസ്.ബീനാകുമാരി യാതൊരു മറുപടിയും സമർപ്പിച്ചിട്ടില്ലാത്തതാണ്.

മേൽ വസ്തുതകൾ പരിശോധിച്ചതിൽ ഇക്കാര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം ഒരു ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണ് എന്ന് കണ്ടതിൽ പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് കൊല്ലം പെർഫോർമൻസ് ആഡിറ്റ് യൂണിറ്റ് -1, ആഡിറ്റ് സൂപ്പർവൈസർ ശ്രീ.കെ.സോമനെ പരാമർശം (10) പ്രകാരം ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും പരാമർശം (11) പ്രകാരം ടിയാൻ ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി തെളിവെടുപ്പിനും നേരിൽ കേൾക്കുന്നതിനുമായി ഹാജരാകാൻ ആവശ്യപ്പെട്ട് ശ്രീമതി.എസ്.ബീനാകുമാരിയുടെ സ്ഥിരമേൽവിലാസത്തിൽ 24.12.2016-ന് രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നുവെങ്കിലും മേൽവിലാസക്കാരി ഇന്ത്യ വിട്ടു എന്ന് രേഖപ്പെടുത്തി പോസ്റ്റൽ വകുപ്പ് 04.01.2017-ന് കത്ത് തിരികെ നൽകിയിട്ടുള്ളതായും ശ്രീമതി.എസ്.ബീനാകുമാരി നിലവിൽ അനധികൃതമായി ആഫീസിൽ ഹാജരാകാതെ തുടരുന്നതിനാലും നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(i)(vii) പ്രകാരം ടിയാൾ അനധികൃതമായി ഹാജരാകാതിരുന്ന 10.08.2013 തീയതി പ്രാബല്യത്തിൽ ശ്രീമതി.എസ്.ബീനാകുമാരിയെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് പരാമർശം (12) പ്രകാരം തീരുമാനിച്ചുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും ആയത് പരാമർശം (3) പ്രകാരം ദേശാഭിമാനി, മാതൃഭൂമി എന്നീ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും സർക്കാർ വെബ്സൈറ്റിൽ (www.Kerala.gov.in downloads other document) പ്രസിദ്ധികരിക്കുകയും ശ്രീമതി.ബീനാകുമാരിയുടെ സ്ഥിരമേൽവിലാസത്തിൽ അയച്ച മേൽ കാരണം കാണിക്കൽ നോട്ടീസ് ടിയാൾ വിദേശത്താണ്

എന്ന കാരണത്താൽ മടങ്ങിവന്നിട്ടുള്ളതുമാണ്. ശ്രീമതി.എസ്.ബീനാകുമാരി മേൽ കാരണം കാണിക്കൽ നോട്ടീസിനും യാതൊരു മറുപടിയും സമർപ്പിച്ചിട്ടില്ലാത്തതാണ്.

മുകളിൽ വിവരിച്ച സാഹചര്യത്തിൽ ശ്രീമതി.ബീനാകുമാരിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ 1960–ലെ കേരള സിവിൽ സർവ്വീസിൽ (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(i)(vii) പ്രകാരം ടിയാൾ അനധികൃതമായി ആഫീസിൽ ഹാജരാകാതിരുന്ന 10.08.2013 പ്രാബല്യത്തിൽ ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
(പൂർണ്ണ അധികചുമതല), കൊല്ലം

ശ്രീമതി.എസ്.ബീനാകുമാരി,
അശ്വതി, കല്ലുമല പി.ഒ,
മാവേലിക്കര.

പകർപ്പ് :
(1) സെക്രട്ടറി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് (സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട പേജിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്)
(2) ബഹു : പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
(3) ബഹു : ഡയറക്ടർ, ഐ & പിആർഡി (ദിനപത്രത്തിലും സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന് ആമുഖ കത്ത് സഹിതം)
(4) ബഹു : ഡയറക്ടർ, ഐകെഎം (ആമുഖ കത്ത് സഹിതം) തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
(5) ഇ2 സെക്ഷൻ, ഡി.ഡി.പി.ആഫീസ്, കൊല്ലം
(6) സീനിയർ സൂപ്രണ്ട്, പിഎയു 1, കരുനാഗപ്പള്ളി
(7) കരുതൽ/അധികം

എസ്.6/5